# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 253 18.08.2017 ൽ മറുപടിക്ക്

### മരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.എ. എൻ. ഷംസീർ<br>ശ്രീ.ഐ.ബി. സതീഷ് | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) മരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;<br><br>ബി) മരാമത്ത് പ്രവൃത്തികളിലെ ക്രമക്കേടുകളും ഗുണനിലവാരമില്ലായ്മയും കണ്ടുപിടിക്കുന്നതിന് വിജിലൻസ് വിഭാഗത്തെ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) & ബി) പൊതുമരാമത്ത് വകുപ്പിലെ മരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി നിരവധി നടപടികൾ സ്വീകരിച്ച വരുന്നു. രണ്ടു കോടിയിൽ കൂടുതൽ തുകയുള്ള വർക്കുകൾക്ക് ഗുണനിലവാരം first time ചെയ്യുന്നതിന് ജോലി പുരോഗമിക്കുന്ന വേളയിൽ സൈറ്റിൽ ലാബ് കരാറുകാരൻ തന്നെ ഉണ്ടാക്കണമെന്ന് നിർബന്ധമാക്കിയിരിക്കുന്നു. രണ്ടാംഘട്ട ഗുണനിലവാര പരിശോധനയ്ക്ക് എല്ലാ ജില്ലകളിലും വകുപ്പിന്റെ നേതൃത്വത്തിൽ ക്വാളിറ്റി കൺട്രോൾ ലാബും സജ്ജമാക്കിയിട്ടുണ്ട്. ഗുണനിലവാരപരിശോധനാ സർട്ടിഫിക്കറ്റുകൾ ലഭിച്ചാൽ മാത്രമേ ബിൽ പാസ്സ് ആക്കുന്നതും നിർബന്ധമാക്കിയിട്ടുണ്ട്, വകുപ്പിലെ ഇന്റേണൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി പരിശോധനകൾ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>മരാമത്ത് പ്രവർത്തികളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് വേണ്ടി 2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വലിൽ 3 തരത്തിലുള്ള പരിശോധന നിഷ്കർഷിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ മേൽ നോട്ടത്തിൽ പണിയുന്ന പ്രവർത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് 14 ജില്ലകളിലും ക്വാളിറ്റി |

കൺട്രോൾ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രാഥമിക ഗുണനിലവാര പരിശോധന നിർമ്മാണ പ്രവർത്തികളുടെ ചുമതലയുള്ള ഫീൽഡ് ഓഫീസറുടെ മേൽ നോട്ടത്തിൽ കരാറുകാർ അംഗീകൃത ലാബുകളിൽ നടത്തേണ്ടതും രണ്ടാംഘട്ട ഗുണനിലവാര പരിശോധന ക്വാളിറ്റി കൺട്രോൾ ലാബുകളിലെ ഉദ്യോഗസ്ഥർ റാന്റമായി പരിശോധിക്കുകയും പരിശോധന റിപ്പോർട്ട് അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അയച്ചുകൊടുക്കേണ്ടതുമാണ്. ഇതു കൂടാതെ 5 കോടിക്ക് മുകളിലുള്ള നിർമ്മാണ പ്രവർത്തികൾ ആവശ്യാനുസരണം പൊതുമരാമത്ത് വകുപ്പിന് പുറത്തുള്ള വിദഗ്ധരുടെ നേതൃത്വത്തിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നു. ജി ഒ (എം എസ്) 24/2017/പൊമവ തീയതി 10.04.2017 പ്രകാരം തിരുവനന്തപുരം ജില്ലയിൽ റീജിയണൽ ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ ലാബ് രൂപീകരിക്കുവാനും അംഗീകാരം നൽകിയിട്ടുണ്ട്. എറണാകുളം കോഴിക്കോട് എന്നീ ജില്ലകളിൽ റീജിയണൽ ലാബുകൾ നിലവിലുണ്ട്. മൂന്ന് റീജിയണൽ ലാബുകളിലും ഇൻവെസ്റ്റിഗേഷൻ ആരംഭി ക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ദേശീയപാത വിഭാഗത്തെ സംബന്ധിച്ചിടത്തോളം പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തു ന്നതിനായി ടൂ-ടയർ ക്വാളിറ്റി കൺട്രോൾ (two tier quality control) സിസ്റ്റം നിലവിലുണ്ട്. ഇതിൻ പ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർമാർ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഉപയോ ഗിക്കുന്ന മെറ്റീരിയൽസ് അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഗുണനിലവാരം പരിശോധിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ഉറപ്പുവരുത്താറുണ്ട്. സെക്കന്റ് ടയർ ക്വാളിറ്റി

സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി ഗുണനിലവാര നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ ഓഫീസും അതിനോടനുബന്ധിച്ച് ക്വാളിറ്റി കൺട്രോൾ ലാബും പ്രവർത്തിച്ചു വരുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനിൽ പ്രവർത്തിച്ചു വരുന്ന അസി.എഞ്ചിനീയർമാർ പ്രവർത്തികൾ നടന്നു കൊണ്ടിരിക്കുമ്പോൾ പ്രവർത്തി നടക്കുന്ന സ്ഥലം സന്ദർശിക്കുകയും ചെയ്തു പ്രവർത്തിയുടെ ഗുണനിലവാര പരിശോധന നടത്തുകയും സാമ്പിളുകൾ ശേഖരിക്കുക ആയവ ക്വാളിറ്റി കൺട്രോൾ ലാബിൽ എത്തിച്ച് പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു. പരിശോധന ഫലം ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറുകയും ചെയ്യാറുണ്ട്.

കൂടാതെ ദേശീയപാത വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രോക്യൂമെന്റ് ആന്റ് കൺസ്ട്രക്ഷൻ (ഇ പി സി) വ്യവസ്ഥയിൽ നടപ്പിലാക്കി വരുന്നുണ്ട്, ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി പ്രത്യേകം കൺസൽട്ടന്റ് എഞ്ചിനിയർമാരെ നിയമിക്കാറുണ്ട്. കൂടാതെ ഇ പി സി വ്യവസ്ഥയിൽ നടത്തി വരുന്ന പ്രവൃത്തികളുടെ പരിപാലന കാലയളവ് നാല് വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| സി) | വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ